(സി) ഈ കാലയളവിൽ നിയമിതരായ എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകരുടെ നിയമന അംഗീകാരത്തിനായി സമർപ്പിച്ച പ്രൊപ്പോസലുകളിൽ യോഗ്യതയിലോ നിയമന നടപടികളിലോ എന്തെങ്കിലും പോരായ്മകൾ കണ്ടെത്തിയവർക്കു മാത്രമേ നിയമനാംഗീകാരം നൽകാതെയുള്ളു. ഈ പോരായ്മകൾ പരിഹരിക്കുന്നമുറയ്ക്ക് എത്രയും വേഗം നിയമന അംഗീകാരം നൽകുന്നതാണ്.

അൺ എയ്ഡഡ് സ്കൂളുകളിലെ എസ്. എസ്. എ. വിദ്യാഭ്യാസം

84 [3067] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് എന്നീ മേഖലകളിലെ ഏതൊക്കെ മേഖലാ സ്കൂളികളിലെ അദ്ധ്യാപകർക്കാണ് എസ്. എസ്. എ. പ്രകാരമുള്ള ട്രെയിനിംഗ് നൽകുന്നത്;

(ബി) സംസ്ഥാനത്തെ അൺഎയ്ഡഡ് സ്കൂളുകളിൽ എസ്. എസ്. എ. സിലബസ് പ്രകാരം ക്ലാസ്സെടുക്കുന്നത് എസ്. എസ്. എ. ട്രെയിനിംഗ് ലഭിക്കാത്ത അദ്ധ്യാപകരാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ, എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്കാണ് എസ്. എസ്. എ. പ്രകാരമുള്ള ട്രെയിനിംഗ് നൽകുന്നത്.

(ബി) ഉണ്ട്.

(സി) അൺഎയ്ഡഡ് സ്കൂളുകളിലെ, കേരള സിലബസ് പ്രകാരം ക്ലാസ്സുകൾ നടത്തുന്ന സ്കൂളുകളിലെ അദ്ധ്യാപകർ എസ്. എസ്. എ. പദ്ധതി പ്രകാരം നടത്തുന്ന പരിപാടികളിൽ സംബന്ധിക്കാറുണ്ട്. പരിശീലനസമയത്ത് അവർക്ക് സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹതയില്ലെന്നുമാത്രം.

പെരുമണ്ണ ഹൈസ്കൂൾ അനുവദിക്കുന്നത് സംബന്ധിച്ച്

85 [3068] *ശ്രീ. യു. സി. രാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഹൈസ്കൂളില്ലാത്ത കുന്ദമംഗലം മണ്ഡലത്തിലെ പെരുമണ്ണ ഗ്രാമപ്പഞ്ചായത്തിൽ ഹൈസ്കൂൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കോടതിയുടെ എന്തെങ്കിലും നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) പെരുമണ്ണയിൽ ഹൈസ്കൂൾ അനുവദിക്കുന്നതിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) പെരുമണ്ണ ഗ്രാമപ്പഞ്ചായത്തിൽ ഹൈസ്കൂൾ എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) സർക്കാർ അന്തിമ തീരുമാനമെടുത്തിട്ടില്ല.

ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) ഒഴിവുകൾ

86 [3069] *ശ്രീ. കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ കൊല്ലം ജില്ലയിൽ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) ഈ ഒഴിവുകൾ പി. എസ്. സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അടിയന്തിരമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഈ വർഷം നിലവിൽവരാൻ സാധ്യതയുള്ള ഈ തസ്തികയിലുള്ള റിട്ടയർമെന്റ് ഒഴിവുകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അത് കണക്കാക്കി ഒഴിവുകൾ എത്രയും വേഗം പി. എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

GPM. 2/608/2012—15

LIBRARY ARCHIVES Kerala Legislative Assembly